Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

# GOVERNMENT OF KERALA

## സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- മലപ്പുറം ജില്ല-ചേലേമ്പ്ര ഗ്രാമ പഞ്ചായത്ത് - ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ നിയമാനുസൃതമല്ലാത്ത തിരുമാനം കേരള പഞ്ചായത്ത് രാജ് നിയമം 191(4)-ാം വകുപ്പ് പ്രകാരം സ്റ്റേ ചെയ്തുകൊണ്ടും 191 (2)-ാം വകുപ്പ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാന്റെ ഉപദേശത്തിനായി റഫർ ചെയ്തുകൊണ്ടും- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ബി) വകുപ്പ്**

സ.ഉ (സാധാ) നം.584/12/തസ്വഭവ തിരുവനന്തപുരം തീയതി 27.2.2012.

---

പരാമർശം:- 1) ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 29.8.11ലെ 6-ാം നമ്പർ തീരുമാനം

2) ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.9.2011-ലെ എ3-12427/2011 എന്ന നമ്പർ കത്ത്

3) പഞ്ചായത്ത് ഡയറക്ടറുടെ 23.12.11-ലെ സി5-36915/11 എന്ന നമ്പർ കത്ത്

## ഉത്തരവ്

ചേലേമ്പ്ര ഗ്രാമപഞ്ചായത്തിലെ നിർമ്മാണം പൂർത്തീകരിച്ച വീടുകൾക്ക് വിവിധ കാരണങ്ങളാൽ പഞ്ചായത്തിൽ നിന്നും നമ്പർ അനുവദിയ്ക്കാത്തതിനാൽ ഉടമസ്ഥർക്ക് വൈദ്യുതി കണക്ഷന് അപേക്ഷ സമർപ്പിയ്ക്കാൻ കഴിയാതെ വരുന്നുണ്ടെന്നും ഇപ്രകാരമുള്ള 26 കേസുകളിൽ എൻ ഒ സി അനുവദിക്കണമെന്നും പരാമർശം ഒന്നു പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയുണ്ടായി.

2. എന്നാൽ ബന്ധപ്പെട്ട അധികാരികളിൽ നിന്നും അനുവാദം വാങ്ങാതെ നിലം മണ്ണിട്ട് നികത്തി വീട് വെച്ചവരാണ് മിക്ക കേസ്സുകളെന്നും, കൃഷി ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ (തദ്ദേശ സ്വയം ഭരണ വകുപ്പ്), വില്ലേജ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവരടങ്ങുന്ന പരിശോധനാ സമിതി അന്വേഷണം നടത്തിയതിൽ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് നിർമ്മാണം നടത്തിയിട്ടുള്ളത് എന്ന് കണ്ടെത്തിയിനാൽ ആണ് നമ്പർ

...2

അനുവദിയ്ക്കാതിരുന്നത് എന്നും ആയതിനാൽ കമ്മിറ്റിയുടെ തീരുമാനം നിയമാനുസൃതമല്ലയെന്നു സെക്രട്ടറി വിയോജനകുറിപ്പ് രേഖപ്പെടുത്തി സർക്കാരിന്റെ പരിഗണനയ്ക്ക് പരാമർശം 2 പ്രകാരം സമർപ്പിയ്ക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ നിലം നികത്ത് കമ്മിറ്റിയുടെ അനുമതി ലഭിക്കാതെയും മാനദണ്ഡങ്ങൾ പാലിക്കാതെയും നിർമ്മാണം നടത്തിയിട്ടുള്ളതുമായ കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി എൻ ഒ സി നൽകാനുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം നിയമാനുസൃതമല്ലായെന്ന് വ്യക്തമായ സാഹചര്യത്തിൽ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 191 (4)-ാം വകുപ്പ് പ്രകാരം ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 6-ാം നമ്പർ തീരുമാനം അന്തിമ ഉത്തരവിനു വിധേയമായി സ്റ്റേ ചെയ്തുകൊണ്ട് ഉത്തരവാകുകയും 191(2) പ്രകാരം ഇക്കാര്യം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്തുകൊണ്ടും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
കെ. എം. ലീലാമണി
ഡെപ്യൂട്ടി സെക്രട്ടറി

1) സെക്രട്ടറി,
സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ
മൂന്നാം നില, സാഫല്യം കോംപ്ലക്സ്, പാളയം , യൂണിവേഴ്സിറ്റി പോസ്റ്റ്
തിരുവനന്തപുരം - 695 034 (മുകളിൽ പരാമർശിച്ച പ്രമാണങ്ങളുടെ ശരി പകർപ്പ് സഹിതം)
2) പ്രസിഡന്റ് /സെക്രട്ടറി
ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് മലപ്പുറം ജില്ല- 673 581
3) പഞ്ചായത്ത് ഡയറക്ടർ, ~~മലപ്പുറം ജില്ല.~~ തിരുവനന്തപുരം
4) കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ